ലാണ് ഉദ്യോഗക്കയറ്റം നടത്തി ഡെപ്യൂട്ടി കളക്ടർ തസ്തിക ഒഴികെയുള്ള തസ്തികകളിലെ ഒഴിവുകൾ നികത്താനാകാത്തത്. ഡെപ്യൂട്ടി കളക്ടർ തസ്തികകയിൽ ഒഴിവ് വന്നത് 90 ദിവസത്തിൽ താഴെയുള്ള ലീവ് വേക്കൻസിയാകയാൽ ടി തസ്തികയും നികത്താൻ നിർവ്വാഹമില്ല.

(ഡി) ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് ലഭിച്ചാലുടൻ ഉദ്യോഗക്കയറ്റം നടത്തി ഒഴിവുകൾ നികത്തുന്നതാണ്.

റവന്യൂ വകുപ്പിൽ യഥാസമയം പ്രൊമോഷൻ നടത്താൻ നടപടി

85 (2141)ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ യഥാസമയം പ്രൊമോഷൻ നടത്താത്തത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ;

(ബി) യഥാസമയം പ്രൊമോഷൻ കിട്ടാതെ മുൻകാല പ്രാബല്യത്തോടെ പ്രൊമോഷൻ കിട്ടുന്ന ജീവനക്കാർക്ക് കുടിശ്ശിക ശമ്പളം ലഭിക്കുമോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ;

(ഡി) ജീവനക്കാരന് കുടിശ്ശിക ശമ്പളം ലഭ്യമാക്കുന്നതിന് മേലധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) റവന്യൂ വകുപ്പിലെ സീനിയോറിറ്റി ലിസ്റ്റുകളെ സംബന്ധിച്ചു ബഹു. കേരള ഹൈക്കോടതിയിലുള്ള കേസുകളിൽ ഇടക്കാല ഉത്തരവ് നിലനിൽക്കുന്നതിനാലാണ് യഥാസമയം പ്രൊമോഷൻ നടത്താൻ സാധിക്കാത്തത്.

(ബി) പ്രൊമോഷൻ ലഭിക്കുന്ന തസ്തികയിലെ ജോലിയുടെ സ്വഭാവത്തിൽ വ്യത്യാസം ഇല്ലെങ്കിൽ ഫൈനൽ സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ മുൻകാല പ്രാബല്യത്തോടെ പ്രൊമോഷൻ ലഭിക്കുന്ന ജീവനക്കാരന് ശമ്പള കുടിശ്ശിക ലഭിക്കും.

പ്രൊമോഷൻ ലഭിക്കുന്ന തസ്തികയിലെ ജോലിയുടെ സ്വഭാവത്തിൽ വ്യത്യാസം ഉണ്ടെങ്കിൽ ശമ്പള കുടിശ്ശികയ്ക്ക് അർഹതയില്ല.

(സി) കേരള സർവ്വീസ് നിയമം ഒന്നാം പാർട്ടിലെ റൂൾ 23(എ) പ്രകാരം പ്രൊമോഷൻ ലഭിക്കുന്ന തസ്തികയിലെ ജോലിയുടെ സ്വഭാവത്തിൽ വ്യത്യാസമുണ്ടെങ്കിൽ ആ തസ്തികയിൽ ചാർജ്ജെടുത്ത ദിവസം മുതൽ മാത്രമേ ടി തസ്തികയിലെ ശമ്പളത്തിനും അലവൻസുകൾക്കും അർഹതയുള്ളൂ. ഇത്തരത്തിലുള്ള തസ്തികകളിൽ സാങ്കല്പികമായി മാത്രമേ മുൻകാല പ്രൊമോഷൻ നൽകാൻ കഴിയുകയുള്ളൂ. ആകയാൽ ജീവനക്കാരൻ ശമ്പളക്കുടിശ്ശികയ്ക്ക് അർഹനാകുന്നില്ല;

(ഡി) ഇക്കാര്യത്തിൽ നിർദ്ദേശം നൽകേണ്ട ആവശ്യമില്ല. കേരള സർവ്വീസ് നിയമം ഒന്നാം പാർട്ടിലെ റൂൾ 23 (സി) അനുസരിച്ചാണ് കുടിശ്ശിക നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നത്.

LIBRARY ARCHIVES Kerala Legislative Assembly